പുതിയ വ്യവസായം ആരംഭിക്കുന്നവർക്കുള്ള ആനുകൂല്യങ്ങൾ

163 (7999) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

പുതിയ വ്യവസായം ആരംഭിക്കുന്ന ചെറുകിട/വൻകിട വ്യവസായ സ്ഥാപനങ്ങൾക്കും, സംരംഭകർക്കും എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പിലാക്കിവരുന്ന സംരംഭകത്വ സഹായ പദ്ധതി പ്രകാരം നെഗറ്റീവ് ലിസ്റ്റിൽപ്പെടാത്ത സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് അവയുടെ സ്ഥിരനിക്ഷേപത്തിന്റെ 15% പരമാവധി 20 ലക്ഷം രൂപ വരെ സബ്സിഡി നൽകുന്നു. വനിതകൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ, യുവാക്കൾ (45 വയസ്സിൽ താഴെ) എന്നിവർക്ക് ഇത് 20 ശതമാനവും പരമാവധി 30 ലക്ഷം രൂപവരെയുമാണ് ഈ പദ്ധതി പ്രകാരം സബ്സിഡി നൽകുക. മൻഗണനാ വിഭാഗത്തിൽ വരുന്ന സ്ഥാപനങ്ങൾക്കും പിന്നോക്ക ജില്ലയിലെ സംരംഭങ്ങൾക്കും പുതിയ സാങ്കേതികവിദ്യ പ്രയോഗിക്കുന്ന യൂണിറ്റുകൾക്കും 10% പരമാവധി 10 ലക്ഷം രൂപവരെ അധിക സബ്സിഡി ലഭിക്കുന്നതാണ്. ഇടുക്കി, വയനാട്, കാസർകോട്, പത്തനംതിട്ട ജില്ലകളെ പിന്നോക്ക ജില്ലകളുടെ ഗണത്തിൽപ്പെടുത്തിയിരിക്കുന്നു. ഒരു യൂണിറ്റിന് പരമാവധി 30 ലക്ഷം രൂപ വരെ സഹായം ലഭിക്കുന്നു.

ഈ പദ്ധതി പ്രകാരം സംരംഭം തുടങ്ങാൻ പ്രാരംഭ ഘട്ടത്തിൽ മൂന്ന് ലക്ഷം രൂപ വരെ 'സ്റ്റാർട്ടപ്പ് സപ്പോർട്ട് ' അനുവദിക്കുന്നു. ഉൽപാദനം തുടങ്ങി ഒരു വർഷത്തിനകം ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട് ആയി പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം ഗ്രാന്റായി ലഭിക്കും. ആധുനിക സാങ്കേതികവിദ്യ സ്വന്തമാക്കി പ്രവർത്തനമാരംഭിക്കുന്ന പുതിയ സംരംഭങ്ങൾക്ക് ടെക്നോളജി സപ്പോർട്ടായി പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം ലഭിക്കും.

വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ് എന്നീ പശ്ചാത്തല സൗകര്യങ്ങൾ കിൻഫ്ര, സിഡ്കോ, കെ.എസ്.ഐ.ഡി.സി. എന്നിവ മുഖേന ലഭ്യമാക്കുന്നു.

കൂടാതെ, ഇടത്തരം വൻകിട മേഖലയിലുള്ള വ്യവസായം തുടങ്ങുവാൻ വിവിധ വകുപ്പുകളിൽനിന്നുമുള്ള ക്ലിയറൻസ് കെ.എസ്.ഐ.ഡി.സി. മുഖേന ലഭ്യമാക്കുന്നു. വ്യവസായം തുടങ്ങാനുള്ള ധന വായ്പയും പാട്ടക്കരാർ വ്യവസ്ഥയിൽ ഭൂമിയും കെട്ടിടവും കെ.എസ്.ഐ.ഡി.സി. മുഖേന ലഭ്യമാക്കുന്നു.

1281/18

LIBRARY ARCHIVES Kerala Legislative Assembly